## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2612

18.06.2018-ൽ മറുപടിയ്ക്ക്

### തീരദേശ ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന തീരദേശ ഹൈവേയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) തീരദേശ ഹൈവേയുടെ നിർമ്മാണം കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 10.07.2017-ലെ സ.ഉ. (സാധാ) നം. 942/2017/പൊ.മ.വ പ്രകാരം 6500 കോടി രൂപ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരളാ റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. വിവിധ ജില്ലകളിലായി 249.14 കി.മീ നീളത്തിൽ 13 വിവിധ റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ആയതിൽ 211.880 കി.മീ. നീളം വരുന്ന 11 ഉപ പദ്ധതികളുടെ ഡി.പി.ആർ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>12 മീറ്റർ വീതിയിൽ തീരദേശ പാത നിർമ്മിക്കുന്നതിനായി തീരുമാനം എടുത്തിട്ടുള്ളതിനാൽ ഓരോ റോഡിനും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിലകൂടി ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിലേക്കാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; | (ബി) | പല റീച്ചുകളിലും സ്ഥലത്തിന്റെ ലഭ്യത കുറവുണ്ട്. |
| (സി) | ഈ ഹൈവേയോടൊപ്പം ഇരു വശത്തും സൈക്കിൾ സവാരിക്കായി പ്രത്യേക ട്രാക്കുകൾ നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ടോ; | (സി) | ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിൽ തീരദേശ ഹൈവേയോടൊപ്പം സൈക്കിൾ സവാരിക്കായി പ്രത്യേകം ട്രാക്കുകൾ നിർമ്മിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഈ ഹൈവേയുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും എത്രകാലം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുമെന്നും അറിയിക്കുമോ? | (ഡി) | തീരദേശ പാതയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കി, കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി കിട്ടുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണം ആരംഭിക്കുവാനും പൂർത്തീകരിക്കുവാനും സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ